കേന്ദ്ര ഗവൺമെന്റ്.
നിയമ ന്യായ കമ്പനി മന്ത്രാലയം

# ഉപ്പ് സെസ്സ് ആക്റ്റ്, 1953

(1953-ലെ 49-ാം നമ്പർ ആക്റ്റ്)

വില

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.
1986

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# ഉപ്പ് സെസ്സ് ആക്ററ്, 1953

(1953-ലെ 49-ാം നമ്പർ ആക്ററ്)

വില

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ്സ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1980

# ഉപ്പ് സെസ്സ് ആക്റ്റ്, 1953

## (1953-ലെ 49)

[1953 ഡിസംബർ, 26]

ഗവൺമെൻറ് നിലനിറുത്തിപ്പോരുന്ന ഉപ്പ് സംഘടനയ്ക്കും, ഉപ്പിൻെറ നിർമ്മാണവും സംഭരണവും വിതരണവും സംബന്ധിച്ച് ഗവൺമെൻറ് എടുക്കുന്ന നടപടികൾക്കും, ഉള്ള ചെലവുകൾ നേരിടുന്നതിന് പണം ഉണ്ടാക്കുന്നതിനുവേണ്ടി ഉപ്പിൻമേൽ ഒരു സെസ്സ് ചുമത്തുകയും പിരിക്കുകയും ചെയ്യാൻ വ്യവസ്ഥ ചെയ്യുന്നതിനുള്ള ആക്റ്റ്.

പാർലമെൻറ് താഴെപറയുംപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് ഉപ്പ്-സെസ്സ് ആക്റ്റ്, 1953 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത് ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

(3) ഇത്, കേന്ദ്രഗവൺമെൻറ് ഔദ്യോഗികഗസററിൽ, വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതി പ്രാബല്യത്തിൽ വരുന്നതാകുന്നു

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) ഉപ്പ് സംബന്ധിച്ച്, ''നിർമ്മാണ''ത്തിൽ ശേഖരിക്കലും നീക്കം ചെയ്യലും തയ്യാറാക്കലും, കുതിർക്കലും വററിക്കലും തിളപ്പിക്കലും, അല്ലെങ്കിൽ ഈ പ്രക്രിയകളിൽ ഏതെങ്കിലും ഒന്നോ അതിലധികമോ പ്രക്രിയയും വെടിയുപ്പ് നിർമ്മാണത്തിൽ ലഭിക്കുന്ന ഉപ്പ് വേർതിരിക്കുകയോ, ശുദ്ധീകരിക്കുകയോ ചെയ്യലും, ആഹാരത്തിനുള്ള ഉപ്പ് ഉൽപ്പാദിപ്പിക്കുന്നതിന് മണ്ണിൽ നിന്നോ മററ് പദാർത്ഥത്തിൽ നിന്നോ ഉപ്പ് വേർതിരിക്കലും, പ്രകൃത്യാ ഉള്ള ഉപ്പ് കലർന്ന നിക്ഷേപങ്ങളോ, ഉദ്ഫുല്ലനമോ കുഴിച്ചെടുക്കുകയോ നീക്കം ചെയ്യുകയോ ചെയ്യലും ഉൾപ്പെടുന്നതും, ''നിർമ്മാതാവ്'' എന്ന പദത്തിന്, അതനുസരിച്ച് അർത്ഥം കൽപ്പിക്കപ്പെടുന്നതും, അതിൽ ഉപ്പിൻെറ ഉത്പ്പാദനത്തിലോ നിർമ്മാണത്തിലോ കൂലിക്ക് തൊഴിലാളികളെ നിയോജിക്കുന്ന ആൾ മാത്രമല്ല, ഉപ്പ് വില്പനയ്ക്കുദ്ദേശിക്കുന്നതാണെങ്കിൽ, തനിക്കുവേണ്ടിത്തന്നെയുള്ള അതിൻെറ ഉൽപാദനത്തിലോ നിർമ്മാണത്തിലോ ഏർപ്പെടുന്ന ഏതെങ്കിലും ആൾ കൂടിയും ഉൾപ്പെടുന്നതും ആകുന്നു.

വിശദീകരണം.—ഈ ഖണ്ഡത്തിൽ ''വെടിയുപ്പി''ൽ ഉപ്പുകലർന്ന മണ്ണിൽ നിന്ന് നിർമ്മിക്കപ്പെടുന്ന രാസിയും, സജ്ജീയും മറെറല്ലാ പദാർത്ഥങ്ങളും, കൂടാതെ ഖാരിനവും, ഏതൊരു രൂപത്തിലുമുള്ള സോഡാസൾഫേററും അല്ലെങ്കിൽ സോഡാകാർബണേററും, ഉൾപ്പെടുന്നതാകുന്നു.

(ഖ) ''ഉപ്പി''ൽ ചതുപ്പുനില ഉപ്പും നൈസർഗ്ഗിക ഉപ്പും, ഉപ്പു കലർന്ന ഏതെങ്കിലും പദാർത്ഥങ്ങളിൽനിന്നോ ഉപ്പു മണ്ണിൽനിന്നോ ഉണ്ടാക്കുന്നതോ ഉൽപ്പാദിപ്പിക്കുന്നതോ ആയ ഉപ്പും അല്ലെങ്കിൽ ഉപ്പുകലർന്ന ലായിനിയും ഉൾപ്പെടുന്നു;

(ഗ) ''ഉപ്പ് ഫാക്ററി''യിൽ—

(i) ഉപ്പ് നിർമ്മാണത്തിൽ ഉപയോഗിക്കുന്നതോ ഉപയോഗിക്കാനുദ്ദേശിക്കുന്നതോ ആയ സ്ഥലവും, അങ്ങനെയുള്ള സ്ഥലത്തിന്റെ അതിർത്തികൾക്കുള്ളിൽ സ്ഥിതിചെയ്യുന്നതും, കേന്ദ്ര എക്സൈസുകളും ഉപ്പും ആക്റ്റ്, 1944 (1944-ലെ 1)-ന്റെ ആവശ്യങ്ങൾക്കായി അപ്പോഴപ്പോൾ നിർവ്വചിക്കുന്നപ്രകാരമുള്ളതുമായ എല്ലാ ചിറകളും, ജലസംഭരണികളും സംഘനനത്തിനും വററിക്കലിനുമുള്ള ഉപ്പുവാറുകളും കെട്ടിടങ്ങളും പാഴ്സ്ഥലങ്ങളും;

(ii) അങ്ങനെയുള്ള ഏതെങ്കിലും സ്ഥലവുമായി ബന്ധപ്പെട്ട എല്ലാ ഉണക്കൽത്തറകളും, സ്റേറാറേജ് പ്ലാററ്ഫാറങ്ങളും സ്റേറാർ മന്ദിരങ്ങളും;

(iii) ഉപ്പ് നൈസർഗ്ഗികമായി ഉണ്ടാകുന്ന ഭൂമിയും;

ഉൾപ്പെടുന്നു

(ഘ) [വിട്ടുകളയപ്പെട്ടു]

(ങ) ''നിർണ്ണയിക്കപ്പെടുന്ന'' എന്നാൽ, ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന് എന്നർത്ഥമാകുന്നു.

3. <u>ഉപ്പിൻമേൽ സെസ്സ് ചുമത്തലും പിരിക്കലും</u>.—ഇൻഡ്യയിൽ ഏതെങ്കിലും ഉപ്പ് ഫാക്ററിയിൽ നിർമ്മിക്കപ്പെടുന്ന എല്ലാ ഉപ്പിൻമേലും, അത് ഗവൺമെൻറ് ഉടമയിലുള്ളതായാലും അല്ലെങ്കിലും നാല്പത് കിലോഗ്രാമിന് പതിന്നാലുപൈസനിരക്കിൽ എക്സൈസ് ഡ്യൂട്ടിയുടെ പ്രകൃതത്തിലുള്ള ഒരു സെസ്സ്, നിർണ്ണയിക്കപ്പെടുന്ന രീതിയിൽ ചുമത്തപ്പെടുകയും പിരിക്കപ്പെടുകയും ചെയ്യുന്നതാകുന്നു.

4. <u>സെസ്സിൽനിന്നുള്ള വരവിന്റെ വിനിയോഗം</u>.—ഈ ആക്റ്റിൻ കീഴിൽ ചുമത്തപ്പെടുന്ന ഡ്യൂട്ടിയിൽ നിന്നുള്ളവരവ്, അതിൽനിന്ന് കേന്ദ്ര ഗവൺമെൻറ് നിശ്ചയിക്കുന്ന പ്രകാരമുള്ള പിരിക്കൽച്ചെലവ് കുറവു ചെയ്തു താഴെപറയുന്ന, അതായത്:—

(ക) കേന്ദ്രഗവൺമെൻറ് നിലനിറുത്തിപ്പോരുന്ന ഉപ്പ് സംഘടന സംബന്ധമായുള്ള ചെലവ് നേരിടൽ;

(ഖ) യൂണിയൻ ഏജൻസികളാലുള്ള ഉപ്പിന്റെ നിർമ്മാണവും, സംഭരണവും വിതരണവും, സംബന്ധിച്ചും, മററുള്ള ഏജൻസികളാലുള്ള ഉപ്പിന്റെ നിർമ്മാണത്തിന്റേയും, സംഭരണത്തിന്റേയും വിതരണത്തിന്റേയും ക്രമപ്പെടുത്തലും, നിയന്ത്രണവും സംബന്ധിച്ചും എടുക്കുന്ന നടപടികളുടേയും; പ്രത്യേകിച്ച്—

(i) ഗവേഷണ സ്റേറഷനുകളുടേയും, മാതൃകാ ഉപ്പ് ഫാമുകളുടേയും സ്ഥാപനത്തിനും, നിലനിറുത്തലിനും;

(ii) ഉപ്പ് ഫാക്ററികളുടെ സ്ഥാപനത്തിനും, നിലനിറുത്തലിനും, വിപുലീകരണത്തിനും;

(iii) ഉപ്പിന്റെ ഗ്രേഡുകൾ നിജപ്പെടുത്തുന്നതിനും;

(iv) ഉപ്പ് നിർമ്മാതാക്കളുടെ ഇടയിൽ സഹകരിച്ചുകൊണ്ടുള്ള യത്നം പുലർത്തുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനും;

(v) ഉപ്പ് വ്യവസായത്തിൽ നിയോജിക്കപ്പെടുന്ന തൊഴിലാളികളുടെ ക്ഷേമം പുലർത്തുന്നതിനും;

ഉള്ള നടപടികളുടേയും ചെലവ് നേരിടൽ എന്നീ എല്ലാ ലക്ഷ്യങ്ങൾക്കുമോ, അവയിൽ ഏതിനെങ്കിലുമോ ഉപയോഗപ്പെടുത്തേണ്ടതാണെന്ന് പാർലമെൻറ് ഇതിലേക്ക് നിയമം മുഖേന ചെയ്യുന്ന വിനിയോഗം വഴി വ്യവസ്ഥചെയ്യുന്നുവെങ്കിൽ അപ്രകാരം ചെയ്യേണ്ടതാകുന്നു.

5. ഈ ആക്ററിൻെറ പ്രാരംഭത്തിന് മുൻപ് ഉപ്പിൻമേൽ ചുമത്തിയ ചാർജ്ജുകൾ സാധുവാക്കൽ.—ഉപ്പിൻെറ നിർമ്മാണമോ, ഉത്പാദനമോ സംബന്ധിച്ച്, കേന്ദ്ര എക്സൈസുകളും ഉപ്പും ആക്ററ്, 1944 (1944-ലെ 1) 37-ാം വകുപ്പിൻകീഴിൽ കേന്ദ്രഗവൺമെൻറ് ഉണ്ടാക്കിയതും, മുൻ ധനകാര്യ വകുപ്പിൻെറ (റവന്യൂവിഭാഗം) 1947 മാർച്ച് 29-ാം തീയതിയിലെ 3-ാം നമ്പർ വിജ്ഞാപനം സഹിതം പ്രസിദ്ധപ്പെടുത്തിയതുമായ ചട്ടം ചുമത്തിയ ചാർജ്ജ്, ആ ചാർജ്ജ് അപ്രകാരം ചുമത്തിയ ദിവസം, ഈ ആക്ററ് പ്രാബല്യത്തിലുണ്ടായിരുന്നെങ്കിലെന്നപോലെ ഈ ആക്ററിൻകീഴിൽ ചുമത്തിയതായി കരുതപ്പെടുന്നതും, അതനുസരിച്ച്,—

(ക) അങ്ങനെയുള്ള ചാർജ്ജ് എന്ന നിലയിൽ കൊടുത്തതോ, കൊടുക്കേണ്ടതോ ആയ ഏതെങ്കിലും തുക നിയമപ്രകാരം കൊടുത്തിട്ടുള്ളതോ കൊടുക്കേണ്ടതോ ആയി കരുതപ്പെടുന്നതും;

(ഖ) അപ്രകാരം കൊടുക്കപ്പെട്ട ഏതെങ്കിലും തുകയുടെ റീഫണ്ടിനുള്ള യാതൊരു അവകാശവാദവും, ഏതെങ്കിലും കോടതിയിൽ നിലനില്ക്കുന്നതല്ലാത്തതും;

ആകുന്നു.

6. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—(1) കേന്ദ്രഗവൺമെൻറിന് ഈ ആക്ററിൻെറ ആവശ്യങ്ങൾ നടപ്പാക്കുന്നതിന് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മേൽപ്പറഞ്ഞ അധികാരത്തിൻെറ സാമാന്യതയ്ക്കു ഭംഗംവരാതേയും, അങ്ങനെയുള്ള ചട്ടങ്ങൾക്ക്—

(ക) ഈ ആക്ററിൻകീഴിൽ ചുമത്തുന്ന സെസ്സിൻെറ തുക നിശ്ചയിക്കലിനും, പിരിക്കലിനും;

(ഖ) സെസ്സ് പിരിക്കുന്നതിൻെറ ചെലവ് നിശ്ചയിക്കുന്നതിനും;

(ഗ) സെസ്സിൽനിന്നുള്ള വരവ് സംബന്ധിച്ച കണക്കുകൾ വച്ചുപോരേണ്ട രീതിയ്ക്കും;

(ഘ) സെസ്സിൽനിന്നുള്ള വരവ് 4-ാം വകുപ്പിൽ വിനിർദ്ദേശിക്കുന്ന ലക്ഷ്യങ്ങൾക്ക് വിനിയോഗിക്കാവുന്ന രീതിയ്ക്കും;

(ങ) ഈ ആക്ററിൻകീഴിൽ ചുമത്തുന്ന മുഴുവൻ സെസ്സിൽനിന്നോ അതിൻെറ ഏതെങ്കിലും ഭാഗത്തിൽ നിന്നോ,—

(i) ഇൻഡ്യയിൽനിന്ന് കയററുമതി ചെയ്യുന്ന ഉപ്പ് സംബന്ധിച്ചും;

(ii) ചെറുകിട നിർമ്മാതാക്കളുടെ ഏതെങ്കിലും വിനിർദ്ദിഷ്ട വിഭാഗങ്ങൾ നിർമ്മിക്കുന്ന ഉപ്പ് സംബന്ധിച്ചും;

(iii) വ്യവസായത്തിൻെറ മറേറതെങ്കിലും ഉത്പന്നത്തിൻെറ നിർമ്മാണത്തിൽ ഉപയോഗിക്കുന്ന ഉപ്പ് സംബന്ധിച്ചും;

ഉള്ള ഒഴിവാക്കലിനും

വ്യവസ്ഥചെയ്യാവുന്നതാണ്.

(3) ഈ വകുപ്പിൻകീഴിൽ കേന്ദ്രഗവൺമെൻറ് ഉണ്ടാക്കുന്ന ഏതൊരു ചട്ടവും, അതുണ്ടാക്കിയതിനു ശേഷം ആകുന്നത്ര വേഗത്തിൽ, പാർലമെൻറ് സമ്മേളനത്തിലിരിക്കുമ്പോൾ അതിന്റെ ഓരോ സഭയുടേയും മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടു സമ്മേളനങ്ങളിലോ ആയി ആകെ 30 ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും, ഏതു സമ്മേളനത്തിലാണോ, അത് അപ്രകാരം വച്ചിട്ടുള്ളത് ആ സമ്മേളനമോ അതിനു തൊട്ടു അടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുൻപ് ഇരു സഭകളും, ആ ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ, അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം ആ ചട്ടത്തിന്, അതതു സംഗതിപോലെ, രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ, അല്ലെങ്കിൽ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ, പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻ കീഴിൽ മുൻപ് ചെയ്യപ്പെട്ടിട്ടുള്ള എന്തിന്റേയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിലായിരിക്കുന്നതാണ്.